**കോൺഗ്രസ് രാഷ്ട്രീയം** ✤ **അരുൺ കുമാർപി.കെ., ആഷിഖ് അലി ടി.**



**2009-ലെ പതിനഞ്ചാം ലോകസഭാ തിരഞ്ഞെടുപ്പിൽ 71.78% വോട്ടുകൾ കരസ്ഥമാക്കിയ രാഹുൽ ഗാന്ധിക്ക്, 2014- ലോകസഭാ തിരഞ്ഞെടുപ്പിൽ 46.71% ശതമാനം വോട്ടുകൾ മാത്രമാണ് അമേഠിയിൽ നേടാനായത്.**

# രാഹുൽ ഗാന്ധിയുടെ രാഷ്ട്രീയമെന്ത്?

ചരിത്രപരമായി മൃദുഹിന്ദുത്വ നിലപാടുകൾ സ്വീകരിച്ചു വരുന്ന കോൺഗ്രസ്, കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ബി.ജെ.പി ഭരണത്തോടെ തീവ്ര ഹിന്ദുത്വത്തിലേക്ക് ചുവട് മാറ്റുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്.

കോൺഗ്രസ് മുന്നോട്ട് വച്ച നവഉദാരവൽക്കരണ നയങ്ങൾ ബി.ജെ.പി തീവ്രമായി നടപ്പിലാക്കി കൊണ്ടിരിക്കുമ്പോൾ, പൊതുമേഖലാ സ്ഥാപനങ്ങൾ പൂർണ്ണമായും അംബാനിക്കും അദാനിക്കും തീറെഴുതിക്കൊടുക്കുകയും, ന്യൂനപക്ഷങ്ങളും പാർശ്വവത്ക്കരിക്കപ്പെട്ട ജനതയും വേട്ടയാടപ്പെടുകയും ചെയ്യുന്ന സവിശേഷ സാഹചര്യത്തിലാണ രാജ്യം ഈ പൊതുതെരഞ്ഞെടുപ്പിനെ നേരിടുന്നത്.

ലോകത്തെ ഏറ്റവും വലിയ ഫാസിസ്റ്റ് വിരുദ്ധ പോരാളി എന്ന് കോൺഗ്രസുകാർ വിശേഷിപ്പിക്കുന്ന രാഹുൽ ഗാന്ധി, ഉത്തരേന്ത്യയിൽ അമേഠി ഉൾപ്പെടെയുള്ള പരമ്പരാഗത മണ്ഡലങ്ങൾക്കപ്പുറം ദക്ഷിണേന്ത്യയിൽ കോൺഗ്രസിന്റെ കോട്ടയെന്നു പറയപ്പെടുന്ന വയനാട്ടിൽ മത്സരിക്കുന്നതിന്റെ രാഷ്ട്രീയമെന്ത്? അമേഠി സുരക്ഷിതമല്ലേ?

2009-ലെ പതിനഞ്ചാം ലോകസഭാ തിരഞ്ഞെടുപ്പിൽ 71.78% വോട്ടുകൾ കരസ്ഥമാക്കിയ രാഹുൽ ഗാന്ധിക്ക്, 2014- ലോകസഭാ തിരഞ്ഞെടുപ്പിൽ 46.71% ശതമാനം വോട്ടുകൾ മാത്രമാണ് അമേഠിയിൽ നേടാനായത്. 2017- ലെ ഉത്തർ പ്രദേശ് നിമസഭാ തിരഞ്ഞെടുപ്പിൽ അമേഠി ലോകസഭാ മണ്ഡലത്തിലെ അഞ്ചിൽ നാല് നിയമസഭാ മണ്ഡലങ്ങളും ബി.ജെ.പിയാണ് ജയിച്ചത്. ഈ സാഹചര്യത്തിലാണ് ദക്ഷിണേന്ത്യയിൽ ബി.ജെ.പി മത്സരിക്കുന്ന മണ്ഡലങ്ങൾ ഒഴിവാക്കി ബി.ജെ.പിക്ക് പേരിന് പോലും സാനിധ്യമില്ലാത്ത വയനാട്ടിൽ മത്സരിക്കുന്നത്.

സംഘപരിവാർ രാഷ്ട്രീയം ഏറ്റവും ശക്തമായി എതിർക്കപ്പെടുന്ന കേരളത്തിൽ, കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും സഹകരണ പ്രസ്ഥാനങ്ങൾക്കെതിരെ ഉണ്ടായ ആക്രമങ്ങളെയും, പ്രളയകാലത്ത് നേരിട്ട നിസ്സഹകരണങ്ങളെയും ബദൽ മാതൃകകൾ കൊണ്ടും, രാഷ്ട്രീയ ആർജ്ജവം കൊണ്ടും അതിജയിച്ച കേരളത്തിലെ ഇടതുപക്ഷത്തിനോടാണ് രാഹുലിന്റെ പോരാട്ടം.

എന്നാൽ വയനാട്ടിൽ കാര്യങ്ങൾ അത്ര സുരക്ഷിമാണോ ? നിലവിൽ വയനാട് മണ്ഡലത്തിൽ ഉള്ള ഏഴ് നിയമഭാ മണ്ഡലങ്ങളിൽ നാലിടത്ത് എൽഡിഎഫും മൂന്നിടത്ത് യുഡിഎഫും സ്ഥാനാർഥികളും ആണ് വിജയിച്ചത്. മണ്ഡലത്തിലെ അമ്പത് പഞ്ചായത്തുകളിൽ 29-ൽഎൽഡിഎഫ്, 21-ൽ യുഡിഎഫും ആണ്. നാല് മുനിസിപ്പാലിറ്റികളിൽ മൂന്നും ഗഉഎനൊപ്പമാണ്.

2009- ലോകസഭ തിരഞ്ഞെടുപ്പിൽ വയനാട് മണ്ഡലത്തിൽ 1.53 ലക്ഷം വോട്ടിന്റെ ലീഡാണ് കോൺഗ്രസ്സിന്റെ എം ഐ ഷാനവാസ് (49.86%) നേടിയത്. അന്ന് യുഡിഎഫിലായിരുന്ന കെ മുരളീധരൻ നേടിയത് 99663 (12.10%) വോട്ടുകൾ. 2009-ൽ 31.23% വോട്ടുകൾ നേടിയ ഇടതുപക്ഷം 2014-ൽ 38.92% -ലേക്ക് വോട്ട് നില ഉയർത്തി. ഭൂരിപക്ഷം ലക്ഷം കവിയും എന്ന് പറഞ്ഞിരുന്ന

**1969-ൽ ബി.ജെ.പി ഒരു ദേശീയശക്തി ആകുന്നതിന് മുമ്പ് ഇന്ദിര കോൺഗ്രസ്സിനെ പിളർത്തി പുതിയ പാർട്ടി രൂപീകരിച്ചപ്പോൾ ചിഹ്നമായി തിരഞ്ഞെടുത്തത് പാൽ കുടിക്കുന്ന പശുക്കുട്ടി ആയിരുന്നു എന്നത് യാദൃശ്ചികമല്ല. ആ തിരഞ്ഞെടുപ്പിലെ മുദ്രാവാക്യം പാൽ കുടിക്കുന്ന പശുകുട്ടിക്ക് വോട്ട് ചെയ്യു മറ്റെല്ലാം ഇപ്പോൾ മറക്കൂ എന്നായിരുന്നു, ഈ പശുരാഷ്ട്രീയത്തിന്റെ പിന്തുടർച്ചയാണ് രാഹുലിന്റെ കോൺഗ്രസ്സിലും കാണാനാകുന്നത്.**

യുഡിഎഫ് സ്ഥാനാർത്ഥിക്ക് നേടാൻ കഴിഞ്ഞത് 20870 വോട്ടുക കളുടെ ലീഡ് മാത്രം. ഇന്ന് ഇടതുപക്ഷത്തോട് ഒപ്പമുള്ള പി വി അൻവർ അന്ന് സ്വതന്ത്രനായി മത്സരിച്ച് നേടിയത് 37123 വോട്ടുകൾ. 98901 വോട്ടുകളുടെ വർദ്ധനവാണ് ഇടതുപക്ഷം 2014-ൽ നേടിയെടുത്തത്.

പതിറ്റാണ്ടുകളോളം നെഹ്റു കുടുംബം മത്സരിച്ചു ജയിച്ച അമേഠി ഇന്ന് ഇന്ത്യയിലെ വികസന കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന മണ്ഡലങ്ങളിൽ ഒന്നാണ്. ഒരു വി.ഐ.പി മണ്ഡലം ആയിട്ടുപോലും അമേഠി, വൈദ്യുതിയും റോഡുകളും അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ പിന്നോക്കമാണ്. കുട്ടികളുടെ പോഷകാഹാര കുറവിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന മണ്ഡലമാണ് രാഹുലിന്റെ അമേഠി, 65 % ആണ് അമേഠിയിൽ വിളർച്ച നിരക്ക്. ഈ മണ്ഡലത്തിന്റെ പ്രധിനിധിയാണ് ഉത്തരേന്ത്യൻ സാഹചര്യങ്ങളെ അപേക്ഷിച്ചു വിവിധ ഇൻഡെക്സുകളിൽ വളരെ മുന്നിൽ നിൽക്കുന്ന കേരളത്തിലേക്ക് വികസന വാഗ്ദാനങ്ങളുമായി വരുന്നത്.



എസ് എം.കൃഷ്ണ



നജ്മ ഹെപ്ത്തുള്ള

രാഹുലിന്റെ സ്ഥാനാർത്ഥിത്വം പ്രഖ്യാപിക്കുമ്പോൾ, കോൺഗ്രസ്സ് വക്താവ് രൺദീപ് സുർജേവാല അഭിപ്രായപ്പെട്ടത് ദക്ഷിണേന്ത്യ സംസ്ഥാനങ്ങളെ വിലമതിക്കുന്നത്കൊണ്ടാണ് രാഹുൽ വയനാട്ടിൽ മത്സരിക്കുന്നത് എന്നാണ്. ദക്ഷിണേന്ത്യയിൽ നിന്നുള്ള ഒരു പ്രധാനമന്ത്രി എന്ന വാദവും കോൺഗ്രസ്സ് ഉയർത്തുന്നുണ്ട്. ദക്ഷിണേന്ത്യയിൽ നിന്ന് ജയിച്ചാൽ പോലും രാഹുൽ എങ്ങിനെയാണ് ദക്ഷിണേന്ത്യയുടെ പ്രധാനമന്ത്രിയാകുന്നത്?

ഒരു ദക്ഷിണേന്ത്യൻ പ്രധാനമന്ത്രി എന്ന വാദം കോൺഗ്രസ് ഉയർത്തുമ്പോൾ പോലും ഒരു ഉത്തരേന്ത്യക്കാരനെ തന്നെയാണ് അവിടെ പ്രതിഷ്ഠിക്കുന്നത്. ഒമ്പത് തവണ കോൺഗ്രസ്സ് പ്രധാനമന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്തിട്ടുണ്ട്, ഇതിൽ ദക്ഷിണേന്ത്യയിൽ നിന്നുള്ളവരുടെ എണ്ണം തന്നെ ദക്ഷിണേന്ത്യയോടുള്ള കോൺഗ്രസ് സമീപനം വ്യക്തമാക്കുന്നുണ്ട്. ഹിന്ദി, ഹിന്ദു, ഹിന്ദുസ്ഥാൻ എന്ന ബി.ജെ.പി മന്ത്രം തന്നെയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രാഷ്ട്രീയം.

ഇതിനു മുമ്പും കോൺഗ്രസ് നേതാക്കൾ ദക്ഷിണേന്ത്യയിൽ മത്സരിച്ചിട്ടുണ്ട്. 1977 -ൽ അടിയന്തരാവസ്ഥക്ക് ശേഷം ശക്തമായ കോൺഗ്രസ്സ് വിരുദ്ധ വികാരത്തിൽ റായ് ബറേലിയിൽ തോൽവി പിണഞ്ഞ ഇന്ദിരാ ഗാന്ധി 1978 -ൽ കർണ്ണാടകയിലെ ചിക്ക്മാംഗ്ലൂരിൽ സിറ്റിംഗ് എം പി ഡി ബി ചന്ദ്ര ഗൗഡയെ രാജിവെപ്പിച്ചാണ് മത്സരിച്ചത്. 1999 -ൽ സോണിയ ഗാന്ധി കോൺഗ്രസ്സിന്റെ പരമ്പരാഗത മണ്ഡലമായ അമേഠിയിൽ തോൽവി ഭയന്ന്, ഒരു സുരക്ഷിത മണ്ഡലമെന്ന നിലയിൽ കർണ്ണാടകയിലെ ബെല്ലാരിയിൽ നിന്ന് മത്സരിച്ചു. ബി.ജെ.പി -യുടെ സുഷമ സ്വരാജ് കടുത്ത വെല്ലുവിളി ഉയർത്തിയെങ്കിലും സോണിയക്ക് ബെല്ലാരിയിൽ ജയിച്ചു കയറാനായി. എന്നാൽ അമേഠി നില നിർത്തിക്കൊണ്ട് ബെല്ലാരി രാജി വെക്കുകയാണ് സോണിയ ഗാന്ധി ചെയ്തത്. ഈ രാഷ്ട്രീയ ചരിത്രം മുന്നിൽ നിൽക്കുമ്പോഴാണ് സ്മൃതി ഇറാനിയോട് കടുത്ത മത്സരം നേരിടുന്ന രാഹുൽ ഗാന്ധി വയനാട് തേടി വരുന്നത്. ദക്ഷിണേന്ത്യയിലേക്ക് മത്സരിക്കാൻ വരുന്ന രാഹുൽ ഏത് മണ്ഡലം നില നിർത്തും, അമേഠിയോ, വയനാടോ ?

2014 -ൽ 44 സീറ്റ് മാത്രമാണ് കോൺഗ്രസ് നേടിയത്. വലിയ തോതിൽ കോൺഗ്രസ് തിരിച്ചുവരുന്നതിന്റെ ലക്ഷണങ്ങൾ ഒന്നും ദേശീയ രാഷ്ട്രീയത്തിൽ കാണാനും ഇല്ല. രാഷ്ട്രീയ നിരീക്ഷകർ കൂട്ടുമന്ത്രി സഭക്ക് സാധ്യത കല്പിക്കുമ്പോൾ ബി.ജെ.പിക്കെതിരെയുള്ള ഓരോ വോട്ടും നിർണ്ണായകമാണ്. സാങ്കലിപികമായി രണ്ട് മണ്ഡലങ്ങളും രാഹുലിന് വിജയിക്കാൻ കഴിഞ്ഞാൽ തന്നെ രാഹുലിന് രണ്ട് മണ്ഡലങ്ങളിലും വോട്ട് ചെയ്യാൻ കഴിയില്ല, അതിലൂടെ നഷ്ടപ്പെടുന്നത് ബി.ജെ.പിക്കെതിരെ രേഖപ്പെടുത്തേണ്ടുന്ന ഒരു വോട്ടാണ്. നിർണ്ണായകമായ ഒരു തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ രാഷ്ട്രീയ നാടകത്തിന്റെ ഇരയാവുന്നത് ഇന്നാട്ടിലെ മതേതര ജനാധിപത്യ വിശ്വാസികളാണ്.

മൃദു ഹിന്ദുത്വത്തിൽ നിന്ന് തീവ്ര ഹിന്ദുത്വത്തിലേക്ക് ചുവട് മാറ്റുന്ന കോൺഗ്രസിനെ ഇന്നാട്ടിലെ മതേതര ജനാധിപത്യ സമൂഹം എങ്ങനെ വിശ്വാസത്തിലെടുക്കും?

അയോധ്യയിൽ രാഹുൽ ഗാന്ധി രാമക്ഷേത്രം നിർമ്മിക്കും എന്ന് പറഞ്ഞത് കോൺഗ്രസ്സിന്റെ സി പി ജോഷിയാണ്, ഉത്തരാഖണ്ഡ് മുഖ്യമന്ത്രി ഹരീഷ് റാവത്തും ഇതാവർത്തിച്ചിട്ടുണ്ട് . പുതുതായി അധികാരമേറ്റ രാജസ്ഥാനിലെ അശോക് ഖഹ്ലോട്ട് മന്ത്രിസഭ, പശു ക്ഷേമകാര്യ മന്ത്രാലയം




രൂപീകരിച്ചാണ് കോൺഗ്രസ്സിന്റെ നയം വ്യക്തമാക്കിയത്. ഇതു തന്നെയാണ് 450 കോടി രൂപ മുതൽ മുടക്കില് 1000 ഗോശാലകൾ പണിയുന്ന കോൺഗ്രസിന്റെ മധ്യപ്രദേശ് മുഖ്യമന്ത്രി കമൽ നാഥിന്റേയും രാഷ്ട്രീയം. ചരുക്കി പറഞ്ഞാൽ, ഗോവധത്തെ മതസ്പർദ്ധക്കായി ഉപയോഗിക്കുന്ന സംഘപരിവാറിനെ നേരിടാൻ കോൺഗ്രസ്സ് ഉപയോഗിക്കുന്നതും പശുരാഷ്ട്രീയം തന്നെയാണ്.

1966– നവംബറിൽ ഒരു കൂട്ടം സന്യാസിമാർ ഗോവധ നിരോധനം ആവശ്യപ്പെട്ട് പാർലമെന്റിന് മുന്നിൽ നടത്തിയ സമരത്തോട് ഇന്ദിര ഗാന്ധി പ്രതികരിച്ചത് മുൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് എ കെ സർക്കാരിന്റെ നേതൃത്വത്തിൽ ഗോവധ നിരോധനത്തിന് വേണ്ടി ഒരു ദേശീയ നിയമം ഉണ്ടാക്കാനുള്ള കമ്മീഷൻ ഉണ്ടാക്കിയാണ്. മുൻ ആർ എസ്എസ് മേധാവി എം എസ് ഗോൾവാൾക്കറും അതിൽ ഉൾപ്പെട്ടിരുന്നു.

1969–ൽ ബി.ജെ.പി ഒരു ദേശീയ ശക്തി ആകുന്നതിന് മുമ്പ് ഇന്ദിരാ ഗാന്ധി കോൺഗ്രസ്സിനെ പിളർത്തി പുതിയ പാർട്ടി രൂപീകരിച്ചപ്പോൾ ചിഹ്നമായി തിരഞ്ഞെടുത്തത് പാൽ കുടിക്കുന്ന പശുക്കുട്ടി (cow and calf) ആയിരുന്നു എന്നത് യാദൃശ്ചികമല്ല. ആ തിരഞ്ഞെടുപ്പിലെ മുദ്രാവാക്യം പാൽ കുടിക്കുന്ന പശുകുട്ടിക്ക് വോട്ട് ചെയ്യു മറ്റെല്ലാം ഇപ്പൊൾ മറക്കൂ (vote for cow and calf, forget all others now) എന്നായിരുന്നു, ഈ പശൂരാഷ്ട്രീയത്തിന്റെ പിന്തുടർച്ചയാണ് രാഹുലിന്റെ കോൺഗ്രസ്സിലും കാണാനാകുന്നത്.

2018 ൽ പശു 'രാഷ്ട്രമാത'യാണെന്ന് പ്രഖ്യാപിച്ച പ്രമേയം ഹിമാചൽ പ്രദേശ് നിയമസഭയിൽ അവതരിപ്പിച്ചത് കോൺഗ്രസ് എം.എൽ.എ അനിരുദ്ധ് സിംഗ് ആണ്. കോൺഗ്രസ്സും ബി.ജെ.പിയും കൈകൊടുത്ത് വിജയിപ്പിച്ച ഈ പ്രമേയത്തെ എതിർത്ത് വോട്ട് ചെയ്ത ഏക എം.എൽ.എ സി.പി.ഐ (എം) ന്റെ രാകേഷ് സിംഗ്ല മാത്രമാണ്. ഇലക്ഷൻ സമയത്ത് മുതിർന്ന കോൺഗ്രസ്സ് നേതാക്കളൊടൊപ്പം മധ്യപ്രദേശിലും ഗുജറാത്തിലും കർണ്ണാടകയിലും അമ്പലങ്ങളും മഠങ്ങളും കയറി ഇറങ്ങി താനൊരു ദത്താത്രേയ വിഭാഗത്തിൽ പെട്ട ബ്രാഹ്മണനാണെന്ന് പ്രഖ്യാപിക്കുന്ന രാഹുൽ മുന്നോട്ട് വെക്കുന്ന രാഷ്ട്രീയം എന്താണ്?

കോൺഗ്രസ്സിൽ നിന്നാണ് മുൻ കർണാടക മുഖ്യമന്ത്രിയും യൂ പി എ മന്ത്രിസഭയിലെ വിദേശകാര്യ മന്ത്രിയുമായ എസ് എം കൃഷ്ണ, മുൻ രാജ്യസഭാ ഉപാധ്യക്ഷ നജ്മ ഹെപ്തുള്ള മുതൽ സോണിയ ഗാന്ധിയുടെ മീഡിയ സെക്രട്ടറി ആയിരുന്ന ടോം വടക്കൻ അടക്കം ഉള്ളവർ ബി.ജെ.പിയിലേക്ക് കൂട്ട പലായനം ചെയ്തത്.

ഉത്തർപ്രദേശിൽ എസ്.പി, ബി.എസ്.പി സഖ്യത്തിനെതിരെ മത്സരിക്കുന്ന, ഡൽഹിയിൽ ആം ആദ്മി പാർട്ടിയോട് സഖ്യമില്ലെന്ന് പറയുന്ന, കേരളത്തിൽ ഇടതുപക്ഷ സ്ഥാനാർത്ഥിക്കെതിരെ മത്സരിക്കുന്ന കോൺഗ്രസ്സ്, ദേശീയ രാഷ്ട്രീയത്തിൽ മതേതര കക്ഷികളുടെ ഏകീകരണത്തിൽ തങ്ങൾക്കുള്ള ആത്മാർത്ഥതയില്ലായ്മ വ്യക്തമാക്കുന്നുണ്ട്.


പോപ്പുലിസ്റ്റ്–ക്ഷേമരാഷ്ട്രീയം മുന്നോട്ട് വയ്ക്കുന്ന ആം ആദ്മി പാർട്ടിയോടും, പിന്നാക്ക വിഭാഗങ്ങളുടെ രാഷ്ട്രീയം മുന്നോട്ട് വെക്കുന്ന മായാവതിയുടെയും അഖിലേഷിന്റെയും നേതൃത്വത്തിലുള്ള എസ്.പി, ബി.എസ്.പി സഖ്യത്തോടും മുതലാളിത്ത വിരുദ്ധ, ജാതി വിരുദ്ധ രാഷ്ട്രീയം പറയുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയോടും കൃത്യമായ കയ്യകലം പാലിക്കുക വഴി രാഹുൽ ഗാന്ധി നൽകുന്ന സന്ദേശം, 'സവർണ്ണരും, കോർപ്പറേറ്റുകളും പേടിക്കേണ്ടതില്ല ഞങ്ങൾ നിങ്ങൾക്കൊപ്പമാണ്' എന്നാണ്.


1991 ലെ നരസിംഹ റാവു സർക്കാരിന്റെ കാലം മുതൽ പിന്നീടങ്ങോട്ട് വന്ന യു.പി. എ ഗവർമെന്റുകൾ ഊട്ടി വലുതാക്കിയതും, ബിജെപി തീവ്രമായി നടപ്പിലാക്കിയതുമായ നവഉദാരവത്ക്കരണ നയങ്ങളാണ് വയനാടിന്റെ കാർഷിക സമ്പത്ത് ഘടനയുടെ നട്ടെല്ല് ഒടിച്ചത്. നവ ഉദാരവത്കരണ നയത്തിന്റെ ഭാഗമായി നടപ്പിലാക്കിയ അനിയന്ത്രിതമായ ഇറക്കുമതിയും, താരിഫ് ഘടനയിലെ മാറ്റങ്ങളും വയനാടിന് സമ്മാനിച്ചത് കാർഷികോത്പന്നങ്ങളുടെ വില തകർച്ചയും, കടക്കെണിയും കർഷക ആത്മഹത്യകളും ആണ്. 2004– ൽ മാത്രം 130ഓളം കർഷകരും, കർഷകതൊഴിലാളികളും ആത്മഹത്യ ചെയ്ത ജില്ലയാണ് വയനാട്. ഇവിടെയാണ് കർഷകരുടെ കണ്ണീരൊപ്പാൻ രാഹുൽ ഗാന്ധി എന്ന മുദ്രാവാക്യം തീർത്തും പ്രഹസനമാകുന്നത്. തങ്ങളുടെ തന്നെ സാമ്പത്തിക നയങ്ങളെ തള്ളിപ്പറയാൻ കോൺഗ്രസ്സ് തയ്യാറാകുമോ?

ലക്ഷകണക്കിന് കർഷകരെ അണിനിരത്തി രാജസ്ഥാനിലും, ഹിമാചൽ പ്രദേശിലും, ദില്ലിയിലും, മഹാരാഷ്ട്രയിലും ലോങ്ങ് മാർച്ച് ഉൾപ്പടെയുള്ള സമരമാർഗങ്ങളിലൂടെ കർഷകവിരുദ്ധ/ജനവിരുദ്ധ

**സമീപകാലത്തെ കർഷക മുന്നേറ്റങ്ങളിൽ രാഹുലിന്റെ കോൺഗ്രസിന് അവകാശപ്പെടാൻ ഏതെങ്കിലും ഉണ്ടോ? പിന്നെ എങ്ങനെയാണ് രാഹുൽ കർഷകരുടെ പ്രതീക്ഷയാകുന്നത്? നവ ഉദാരവത്കരണ നയങ്ങളുടെ വക്താക്കളായ രാഹുലിന്റെ കോൺഗ്രസ്സ്, കർഷകരുടെ രക്ഷകവേഷം അവകാശപ്പെടുന്നത് ഒരു തമാശ മാത്രമാണ്.**

നയങ്ങൾ സ്വീകരിച്ചു വരുന്ന അധികാരകേന്ദ്രങ്ങളെ വിറപ്പിച്ചത് രാജ്യത്തെ ഇടതുപക്ഷപ്രസ്ഥാനങ്ങളാണ്. മോദി സർക്കാരിനെതിരായ ജനവികാരം രൂപപെടുത്തുന്നതിൽ നിർണായക സ്വാധീനം സമീപകാലത്തെ കർഷകസമരങ്ങൾക്ക് അവകാശപെടാനാകും. ഈ സമരങ്ങളുടെ ഗുണഫലം മുതലെടുത്ത കോണ്ഗ്രസ്സും രാഹുൽ ഗാന്ധിയും ഇടതുപക്ഷത്തോട് യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണ്.




സമീപകാലത്തെ കർഷക മുന്നേറ്റങ്ങളിൽ രാഹുലിന്റെ കോൺഗ്രസിന് അവകാശപ്പെടാൻ ഏതെങ്കിലും ഉണ്ടോ? പിന്നെ എങ്ങനെയാണ് രാഹുൽ കർഷകരുടെ പ്രതീക്ഷയാകുന്നത്? നവ ഉദാരവത്കരണ നയങ്ങളുടെ വക്താക്കളായ രാഹുലിന്റെ കോൺഗ്രസ്സ്, കർഷകരുടെ രക്ഷകവേഷം അവകാശപ്പെടുന്നത് ഒരു തമാശ മാത്രമാണ്.

പി.ആർ.എസ് ലെജിസ്ളേറ്റീവിന്റെ കണക്കനുസരിച്ച്, പതിനാറാം ലോകസഭയിൽ രാഹുൽ ഒരു ചോദ്യം പോലും ഉന്നയിച്ചിട്ടില്ല. പങ്കെടുത്ത ചർച്ചകളിലും ഹാജർ നിലയിലും ദേശീയ ശരാശരിയേക്കാൾ വളരെ താഴെയാണ് രാഹുലിന്റെ പ്രകടനം. ഏറ്റവും മോശം എം പി യുടെ പട്ടികയിൽ ഇടം പിടിച്ച ആളാണ് രാഹുൽ ഗാന്ധി, അങ്ങനെയുള്ള ഒരാളാണ് ഫാസിസത്തിനെതിരെ പോരാടാൻ എന്ന വ്യാജേന ദക്ഷിണേന്ത്യയിൽ മത്സരിക്കുന്നത്.

ഫാസിസം എന്നത് മുതലാളിത്തതിന്റെ ഒരു ഉത്പന്നമാണ്. ഇന്ത്യൻ ഫാസിസത്തിന്റെ വളച്ചയുടെ നിർണായക ഘട്ടങ്ങളിലെല്ലാം അതിനോട് സഹകരിച്ച രാഷ്ട്രീയ കക്ഷിയാണ് കോൺഗ്രസ്.

നെഹ്റു വിഭാവനം ചെയ്ത സോഷ്യലിസ്റ്റ് സാമ്പത്തിക മാതൃകയെ ആദ്യകാലങ്ങളിൽ പിന്തുടർന്ന ഇന്ദിരാ ഗാന്ധി, ബാങ്കുകളെ ദേശസാത്കരിക്കാനും രാജവാഴ്ച്ചയുടെ പ്രത്യേക ആനുകൂല്യങ്ങൾ നിർത്തലാക്കാനും ധീരമായ നിലപാടുകളെടുത്തു. എന്നാൽ 1974 -ൽ നടന്ന റെയിൽ-തൊഴിൽ സമരങ്ങളെ പിന്തുടർന്നെത്തിയ അടിയന്തരാവസ്ഥയിലൂടെ ഇന്ദിരാ ഗാന്ധി പൂർണ്ണമായും ഇന്ത്യൻ മുതലാളിത്തത്തിന്റെ പിണിയാളാവുകയായിരുന്നു. ഇന്ത്യൻ മുതലാളിത്തത്തിന്റെയും ഫാസിസത്തിന്റെയും വളർച്ച കോൺഗ്രസ്സ് പാർട്ടിയുടെ കരങ്ങളിലൂടെയാണ്. അടിയന്തരാവസ്ഥക്കാലത്ത് അടിച്ചമർത്തിയ തൊഴിൽ സമരങ്ങളിലൂടെ, മുതലാളിമാരിൽക്കൂടെ, വളർന്ന നയങ്ങൾ രാജീവ് ഗാന്ധി കാലഘട്ടത്തിലൂടെ കടന്ന് 1991-ൽ ഉദാരവത്കരണത്തിൽ എത്തുമ്പോൾ ഫാസിസത്തിന്റെ പൂർണതയിലേക്ക് വളരാൻ വേണ്ട അനുകൂല സാഹചര്യങ്ങൾ ഒരുങ്ങിക്കഴിഞ്ഞിരുന്നു.

തൊഴിലാളികളുടെ സംഘടിത ശേഷിയെ തകർത്തതുകൊണ്ട് കൂടുതൽ ദുർബലമായ സമൂഹത്തെ സൃഷ്ടിക്കുക എന്നത് ഫാസിസത്തിന്റെ ആവശ്യകതയാണ്. ഈ ഘട്ടത്തിൽ ജനങ്ങളുടെ ദൈനംദിന ജീവിതത്തിലെ അരക്ഷിതാവസ്ഥയെയും ഉത്കണ്ഠകളെയും ലളിതയുക്തിയിൽ അധിഷ്ഠിതമായ പരിഹാരങ്ങളിൽ കൂട്ടിയിണക്കുന്നതിൽ സംഘപരിവാർ വിജയം കണ്ടു. ഇതിനവർക്ക് തീവ്ര ഹിന്ദുത്വ ദേശീയതയുടെ സങ്കല്പങ്ങളിലൂടെ വിഗ്രഹവൽക്കരിക്കപ്പെട്ട നേതാവിന്റെ സാന്നിധ്യം സഹായകമാവുകയും ചെയ്തു.

ഫാസിസ്റ്റിക് സ്വഭാവമുള്ള രാഷ്ട്രീയശക്തിയാണ് സംഘപരിവാർ. എന്നാൽ ഫാസിസത്തിന്റെ ധനതത്വശാസ്ത്രം കൂടി പരിശോധിച്ചാൽ ഇന്ത്യൻ ഫാസിസത്തിന്റെ വളർച്ചയിൽ കോൺഗ്രസ്സിനും, ബി.ജെ.പിക്കും നിർണ്ണായക പങ്ക് ഉണ്ടെന്ന് കാണാം. ഇവർക്കിടയിൽ ഉണ്ടായിരുന്ന മതേതരത്വത്തിന്റെ നേർത്ത രേഖ ഇന്ന് അലിഞ്ഞില്ലാതായി കൊണ്ടിരിക്കുകയാണ്. ഒരു പുതിയ ദേശീയ മത നിരപേക്ഷ ബദലിന് നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതുണ്ട് എന്നിടത്താണ് ഈ തെരഞ്ഞെടുപ്പിലെ ഇടതുപക്ഷത്തിന്റെ പ്രസക്തി.

**(ദില്ലി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ ഗവേഷകരാണ് ലേഖകർ: 9654341641)**